يَا لَطِيفُ

## യാ ലത്വീഫ്

അല്ലാഹുവിന്റെ പരിശുദ്ധ നാമങ്ങളിൽ സുപ്രധാനമായതാണ് അല്ലത്വീഫ് എന്ന നാമം. വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും ആ നാമം കാണാം.

സൂറത്തുശ്ശൂറായിൽ അല്ലാഹു ഇങ്ങനെ പറഞ്ഞ് കാണാം :

اَللّٰهُ لَطِيفٌ بِعِبَادِهِ (سورة الشورى 19)

'അല്ലാഹു തന്റെ അടിമകളോട് കനിവും കാരുണ്യമുള്ളവനുമാണ്'

നാം ജനിക്കുന്നതിനു മുന്നേ മാതാവിന്റ ഗർഭാശയത്തിലായിരുന്ന സമയം മുതൽ, പിന്നീട് ജനനം മുതൽ ജീവിതാവസാനം വരെ അല്ലാഹുവിന്റെ കണക്കില്ലാത്ത കാരുണ്യം ലഭിച്ചവരാണ് നാം. അല്ലാഹുവിന്റെ ഈ കാരുണ്യം കൂടുതൽ കിട്ടലാണ് ഈ ലത്വീഫ് എന്ന നാമം ഉരുവിടുന്നതിലൂടെ നാമാശിക്കുന്നത്.

ഭക്ഷണവിശാലതക്കും, ആവശ്യനിർവഹണത്തിനും, പീഡനങ്ങളിൽ നിന്നുള്ള മോചനത്തിനും ശത്രുക്കളുടെ കണ്ണുകളിൽപ്പെടാതിരിക്കാനും യാലത്വീഫ് മുന്തിയ പരിഹാരമാണ്. ഇത്തരം പ്രത്യേക പ്രശ്നങ്ങൾക്ക് വുളൂഓടെ, നല്ല വസ്ത്രം ധരിച്ച്, വൃത്തിയുള്ള സ്ഥലത്ത് ഒറ്റക്കിരുന്നു യാ ലത്വീഫ് എന്ന നാമം 16641 പ്രാവശ്യം ചൊല്ലിയാൽ അത് പരിഹരിക്കപ്പെടുമെന്ന് നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ മഹാന്മാർ ഉദ്ധരിച്ചത് കാണാം. താഴെ കൊടുക്കുന്നത് ദിവസവും ആ നാമം 129 പ്രാവശ്യം ചൊല്ലുന്ന രീതിയാണ്. വളരെ ചുരുങ്ങിയ സമയം കൊണ്ട് അത് ചൊല്ലി തീർക്കാവുന്നതാണ്. ജീവിതത്തിൽ എല്ലാ നന്മകളും ഉണ്ടാവാനും എല്ലാ പ്രയാസങ്ങളും ദൂരീകരിക്കാനും അത് പരിഹാരമാണ് إِنْ شَاءَ الله . സത്യത്തിൽ നമ്മുടെ ദൃഷ്ടിയോ ശ്രദ്ധയോ എത്താത്ത

അതിസൂക്ഷ്മമായ ആവശ്യങ്ങൾ പോലും അല്ലാഹു നിർവഹിച്ചു തരാൻ ഈ ദിക്ർ പാരായണം ചെയ്യുന്നത് മൂലം സാധ്യമാവും. ഇങ്ങനെ 129×129 ചൊല്ലിയാൽ 16641 പ്രാവശ്യമാവുകയ്യും ചെയ്യും. ജീവിതത്തിൽ പതിവാക്കുന്നതോടെ നിരവധി 16641 കൾ പൂർത്തിയാക്കാൻ കഴിയും.

أَعُوذُ بِاللهِ السَّمِيعِ الْعَلِيمِ مِنَ الشَّيْطَانِ الرَّجِيمْ (മൂന്ന് പ്രാവശ്യം)

لَوْ أَنزَلْنَا هَٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ﴿٢١﴾ هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۖ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۖ هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴿٢٢﴾ هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ٱلْمَلِكُ ٱلْقُدُّوسُ ٱلسَّلَٰمُ ٱلْمُؤْمِنُ ٱلْمُهَيْمِنُ ٱلْعَزِيزُ ٱلْجَبَّارُ ٱلْمُتَكَبِّرُ ۚ سُبْحَٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٢٣﴾ هُوَ ٱللَّهُ ٱلْخَٰلِقُ ٱلْبَارِئُ ٱلْمُصَوِّرُ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ يُسَبِّحُ لَهُۥ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٤﴾ (سورة الحشر)°

يَا لَطِيفُ (129 പ്രാവശ്യം)

يَالَطِيفًا بِخَلْقِهِ ، يَاعَلِيمًا بِخَلْقِهِ ، يَاخَبِيرًا بِخَلْقِهِ ، اُلْطُفْ بِنَا يَا لَطِيفُ يَا عَلِيمُ يَا خَبِيرْ. (മൂന്ന് പ്രാവശ്യം)

اَللّٰهُمَّ يَا مَنْ لَطَفْتَ فِي خَلْقِ السَّمٰوَاتِ وَالْأَرْضِ وَلَطَفْتَ بِالْأَجِنَّةِ فِي بُطُونِ أُمَّهَاتِهَا اُلْطُفْ بِنَا لُطْفًا يَلِيقُ بِكَرَمِكَ وَرَحْمَتِكَ يَا أَرْحَمَ

الرَّاحِمِينَ يَا اَللهُ اَللّٰهُمَّ يَا مَنْ جَعَلْتَ الصَّلَاةَ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ مِنَ الْقُرُبَاتِ ، نَتَقَرَّبُ إِلَيْكَ بِكُلِّ صَلَاةٍ صُلِّيَتْ عَلَيْهِ مِنْ أَوَّلِ النَّشْأَةِ إِلَى مَا لَا نِهَايَةَ لِلْكَمَالَاتِ . (ഒരു പ്രാവശ്യം)

بِسْمِ اللهِ مَا شَاءَ اللهُ لَا يَسُوقُ الْخَيْرَ إِلَّا اللهُ ، بِسْمِ اللهِ مَا شَاءَ اللهُ لَا يَصْرِفُ السُّوءَ إِلَّا اللهُ ، بِسْمِ اللهِ مَا شَاءَ اللهُ وَمَا بِكُمْ مِنْ نِّعْمَةٍ فَمِنَ اللهِ ، بِسْمِ اللهِ مَا شَاءَ اللهُ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ.

(മൂന്ന് പ്രാവശ്യം)

وَصَلَّى اللهُ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ وَالْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ.

മുകളിൽ കൊടുത്തത് പോലെയാണ് يَا لَطِيفُ ചൊല്ലേണ്ട പൂർണ്ണമായ രൂപം. സാധിക്കാത്തവർ يَا لَطِيفُ എന്നത് മാത്രം 129 പ്രാവശ്യം ചൊല്ലുക.

താഴെയുള്ള ദിക്ർ ദിവസവും ചുരുങ്ങിയത് എഴുപത് പ്രാവശ്യം ചൊല്ലുന്നത് എല്ലാ വിപത്തുകളും തടയാൻ പര്യാപ്തമാണ്.

(എഴുപത് പ്രാവശ്യം) حَسْبُنَا اللهُ وَنِعْمَ الْوَكِيلُ.

മനസ്സിന് വല്ലാത്ത സമാധാനവും, തവക്കുലും ലഭിക്കുന്ന വല്ലാത്തൊരു ദിക്റാണ് താഴെയുള്ളത്.

وَأُفَوِّضُ أَمْرِي إِلَى اللَّهِ إِنَّ اللَّهَ بَصِيرٌ بِالْعِبَادِ (سورة غافر 44)

(11 പ്രാവശ്യം. അല്ലെങ്കിൽ 40 പ്രാവശ്യം )